പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്. അനാഥാലയങ്ങൾ ഉൾപ്പെടെയുള്ള ക്ഷേമസ്ഥാപനങ്ങൾക്ക് 2014-15 വർഷത്തിൽ ഗ്രാന്റ് നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച 16,23,09,000 രൂപ ചെലവഴിച്ചു. 18,65,59,183 രൂപ കുടിശ്ശികയുള്ളതിൽ 9,32,80,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചു. 2014-15 വർഷത്തിൽ കുടിശ്ശിക ഉൾപ്പെടെ കൊടുത്തുതീർക്കുന്നതിന് അധിക ധനസഹായം വഴി 9,32,80,000 രൂപ അനുവദിച്ചത് ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഗ്രാന്റ് വിതരണം നടത്തുന്നതാണ്.

(ബി) 1000 രൂപ നിരക്കിൽ.

(സി) ഉണ്ട്. 2015-16 സാമ്പത്തിക വർഷം 15,99,64,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

തെരുവുനായ ശല്യം

8 (*128) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുനായ ശല്യം അനുദിനം രൂക്ഷമായി വരുന്ന സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിനായി ആക്ഷൻ പ്ലാൻ പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) വീടുകളിൽനിന്നും തട്ടുകടകളുൾപ്പെടെയുള്ള ഭക്ഷ്യ വിപണന കേന്ദ്രങ്ങളിൽ നിന്നുമുള്ള ഭക്ഷണാവശിഷ്ടങ്ങളുടെ ലഭ്യത തെരുവോരങ്ങളിലും പൊതുസ്ഥലങ്ങളിലും വർദ്ധിച്ചതാണ് തെരുവുനായ്ക്കളുടെ എണ്ണത്തിലുണ്ടാവുന്ന വർദ്ധനയ്ക്ക് കാരണമെന്നത് പരിശോധിച്ചിട്ടിട്ടുണ്ടോ ;

(സി) തെരുവുനായ നിയന്ത്രണവും ഭക്ഷണാവശിഷ്ടങ്ങളുടെ കാര്യക്ഷമമായ നിർമ്മാർജ്ജനവും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

LIBRARY ARCHIVES Kerala Legislative Assembly

(എ) തെരുവുനായ ശല്യം നിയന്ത്രിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ വരുന്നതാണ്. തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്തി പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്ന പദ്ധതിയാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. തിരുവനന്തപുരം നഗരത്തിൽ തെരുവുനായ നിയന്ത്രണത്തിനായി കെ.എസ്.യു.ഡി.പി.-യുടെ ആഭിമുഖ്യത്തിൽ നഗരകാര്യ വകുപ്പും മൃഗസംരക്ഷണ വകുപ്പും ശ്രീ. സത്യസായി ഓർഫനേജ് ട്രസ്റ്റും സംയുക്തമായി നടപ്പാക്കിയ എ.ബി.സി.-എ.ആർ. പദ്ധതി ഫലപ്രദമായിട്ടുണ്ട്.

(ബി) വീടുകളിൽനിന്നും തട്ടുകടകളിൽ നിന്നുമുള്ള ഭക്ഷണാവശിഷ്ടങ്ങൾ തെരുവോരങ്ങളിൽ ഉപേക്ഷിക്കുന്ന പ്രവണത തെരുവുനായ്ക്കളുടെ വർദ്ധനവിന് കാരണമായിട്ടുണ്ട്.

(സി) തെരുവുനായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണികൾ നേരിടുന്നതിലേയ്ക്കായി വിവിധ വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭക്ഷണാവശിഷ്ടങ്ങളുടെയും മറ്റ് മാലിന്യങ്ങളുടെയും നിർമ്മാർജ്ജനം നടത്തപ്പെടുകയും മാലിന്യ സംസ്കരണത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം നടത്തുന്നതിനുള്ള നടപടികൾ കാര്യക്ഷമമായി നടന്നുവരുന്നു. കൂടാതെ താലൂക്ക് അടിസ്ഥാനത്തിൽ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

അധികാര വികേന്ദ്രീകരണം

9 (*129) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. എ. കെ. ബാലൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണം നടത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക-ആസൂത്രണ മേഖലകളിൽ എന്തെല്ലാം അധികാരങ്ങളാണ് വികേന്ദ്രീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly